national book festival 2019

# സാഹിതി

വാർത്താപത്രിക 10

കേരള
സാഹിത്യ അക്കാദമി

ദേശീയപുസ്തകോൽസവം 2019
എഴുത്തരങ്ങ് സാംസ്കാരികോൽസവം

## നിസ്വാർത്ഥരായ ഗ്രന്ഥശാലാപ്രവർത്തകരെ നമുക്ക് ആദരപൂർവം ഓർക്കാം.






# മണ്ണിന്റെ മണമുള്ള വായന



നാരായൻ

വായന, എഴുത്ത്, പുസ്തകം എന്നിവ വളരെക്കാലം പ്രബലരുടെയും പ്രമുഖരുടെയും ഒരു വിനോദമായിരുന്നു. പിന്നെപ്പിന്നെ വായന സാധാരണക്കാരിലേക്ക് പടർന്നു. അപ്പോഴും കുറ്റംപറച്ചിലുകാർ ഉണ്ടായിരുന്നു. ''അവനൊക്കെ അക്ഷരം തീണ്ടിക്കളിക്കുന്നു.'' അക്ഷരങ്ങൾ ഏതോ ദൈവാനുഗ്രഹമാണെന്ന് വിശ്വസിച്ചവരാണ് അങ്ങനെയൊക്കെ പറഞ്ഞത്. എന്നാൽ, പാർശ്വവൽകൃതരുടെ സാന്നിധ്യമുള്ള വെറും സാധാരണക്കാരുടെ ഇടയിലേക്ക് വായനയും എഴുത്തും കടന്നുവന്നത് സാഹചര്യങ്ങളുടെ പ്രേരണ മൂലമാണ്. ഇന്നിപ്പോൾ, വായനയും എഴുത്തും സർവവ്യാപിയായ ഒരു പ്രതിഭാസമായി വളർന്നിരിക്കുന്നു. എന്നാൽ, ആദ്യകാലത്തെ പുസ്തകങ്ങൾ സാധാരണക്കാർ കാണുകപോലും ചെയ്തിരുന്നില്ല. പുസ്തകപ്രസാധനവും വിൽപനയും ഇപ്പോൾ കച്ചവടമാണ്. കച്ചവടക്കാരുടെ മൽസരമാണ് ധാരാളമായി പുസ്തകങ്ങൾ പ്രചാരത്തിൽ വരാൻ കാരണം. ഇതുകൊണ്ട്, എഴുത്തുകാർക്കും പ്രയോജനങ്ങൾ ഉണ്ടായിത്തുടങ്ങി. ഒപ്പം അവർ പ്രസാധകരുടെ കുതന്ത്രങ്ങളിൽ വീഴാനും തുടങ്ങി. സർഗാത്മക സൃഷ്ടി എന്നതിനപ്പുറം ഒരു പുസ്തകം സൃഷ്ടിക്കുക എന്നതിലേക്ക് സംഗതികൾ വന്നിരിക്കുന്നു.

പാർശ്വവൽകൃതരുടെ ഇടയിലേക്ക് എഴുത്തും വായനയും കടന്നുചെല്ലാൻ സമയമേറെ കഴിയണമായിരുന്നു. എന്തുകൊണ്ടെന്നാൽ, അവർക്ക് മണ്ണിൽ അധ്വാനിക്കുകയും അധ്വാനഫലം പ്രബലവിഭാഗങ്ങൾക്കായി മാറ്റിവെക്കുകയും ശിഷ്ടം കൊണ്ട് എങ്ങനെയെങ്കിലുമൊക്കെ ജീവിക്കുകയും വേണമായിരുന്നു. "നീ ഇന്ന രീതിയിലേ തുണിയുടുക്കാവൂ, ഭക്ഷണം കഴിക്കാവൂ, കിടന്നുറങ്ങാവൂ." ഇങ്ങനെയെല്ലാം കൽപനകൾ സമൂഹത്തിന്റെമേൽ അടിച്ചേൽപിച്ചതാണ്, വന്നുഭവിച്ചതല്ല. അതിനോടുള്ള എതിർപ്പും ചെറുത്തുനിൽപും ആരംഭിക്കാൻ പിന്നെയും വൈകി. അങ്ങനെ തുടങ്ങിയ സമരങ്ങൾക്ക് ഒരേകീകൃത രൂപം വന്നില്ല. ഇപ്പോഴും വന്നിട്ടില്ല. ഇനി എപ്പോൾ വരുമെന്ന് പ്രവചിക്കാനുമാവില്ല.

ഇന്നിപ്പോൾ, പുസ്തകരചനയിലേക്ക് കടന്നുവരുന്നവർ ആരൊക്കെയാണ് എന്ന് പറയാനാവില്ല. ആർക്കും വരാം. ഇങ്ങനെ വരുന്നവരെല്ലാം സർഗാത്മകശക്തിയുള്ളവരാണ് എന്ന കാര്യത്തിലാണ് സംശയം. ഒരാൾ സ്വന്തം ചെലവിൽ ലണ്ടനിൽ പോയി. ആ മഹാനഗരം ചുറ്റിനടന്നുകണ്ടു. അദ്ദേഹം കണ്ട കാഴ്ചകളെല്ലാം ഒരു ഡയറിയിൽ കുറിക്കുന്നുണ്ടായിരുന്നു. നാട്ടിൽ മടങ്ങിവന്നതിനുശേഷം അതെല്ലാം എഴുതി പുസ്തകരൂപത്തിലാക്കി. സ്വന്തം പണം മുടക്കാതെ ആരുമത് പ്രസിദ്ധീകരിക്കുമായിരുന്നില്ല. കുടുംബപ്പേരുവെച്ച് ഒരു പുസ്തകപ്രകാശനം ആരെങ്കിലും അതിലൊരെണ്ണം കാശുകൊടുത്ത് വാങ്ങുമോ? ഇല്ല. അച്ചടിച്ച പുസ്തകങ്ങളെല്ലാം ഒഴിവാക്കണമെന്ന് വീട്ടമ്മ പറഞ്ഞു. അദ്ദേഹം പുസ്തകം സുഹൃത്തുക്കൾക്കും മുഖപരിചയമുള്ളവർക്കും സൗജന്യമായി ഓരോന്ന് കൊടുക്കാൻ തുടങ്ങി. ഓരോ പുസ്തകം കൊടുക്കുമ്പോഴും അദ്ദേഹം പറയും: "ഇതെന്റെ ലണ്ടൻ യാത്രയാണ്. ഞാനെഴുതിയതാണ്." ഈ വാചകങ്ങൾ ശ്രദ്ധിച്ചുകേൾക്കുന്ന ഒരാൾക്ക് മനസ്സിലാകും, ഈ പുസ്തകകാലം എന്തിനോ കരയുന്നുണ്ട്. അത് എന്തിനായിരിക്കാം? അനുവാചകർക്ക് ഊഹിക്കാനേ കഴിയൂ. ചെലവായിപ്പോയ കാശിനെയോർത്ത്. •





# പുസ്തകമില്ലാത്ത ലോകം

അശോകൻ ചരുവിൽ

വണ്ട് വായിച്ചതിന്റെ ഒരു ഓർമ.

ആശാപൂർണദേവിയുടെ ബകുൾ പരമ്പര നോവലുകളിൽ ഏതോ ആണ്. നാട്ടിൻപുറത്തെ ഒരു പെൺകുട്ടിയുടെ കല്യാണാലോചന. വരന്റെ വീട്ടിലേക്ക് പോകുന്ന വിരുന്നുസംഘത്തിലേക്ക് അയൽവീട്ടിലെ ഒരു മുൻഷിയേയും കൂട്ടിയിരുന്നു. വെറുതെ ഒരു ആചാരത്തിന് കൂട്ടിയതാണ്. കിണ്ടിയും കോളാമ്പിയും പോലെ.

സംഘത്തിലെ എല്ലാവർക്കും ചെറുക്കന്റെ വീടും ചുറ്റുപാടും നന്നായി പിടിച്ചു. നല്ല വീട്, പുരയിടം, തൊഴുത്ത്, പശുക്കൾ, വരുമാനമുള്ള കൃഷിസ്ഥലം, നാലഞ്ച് കുളങ്ങൾ, ഇഷ്ടംപോലെ മൽസ്യം. ചെറുക്കന് സ്വന്തമായി ഒരു പലചരക്കു കടയും ഉണ്ട്. അങ്ങനെ കല്യാണം നിശ്ചയത്തിലേക്ക് അടുക്കുകയാണ്. അന്നേരം മുൻഷി പ്രഖ്യാപിച്ചു: "ഈ ബന്ധം ശരിയാവില്ല." എല്ലാ മുഖങ്ങളും മങ്ങി.

കാരണമായി അദ്ദേഹം പറഞ്ഞ സംഗതിയാണ് എല്ലാവരേയും ചൊടിപ്പിച്ചത്: "ചെറുക്കന്റെ വീട്ടിൽ ഒരു പുസ്തകമോ പത്രക്കടലാസോ ഒരു പഞ്ചാംഗം പോലുമോ ഇല്ല."

മുൻഷി ഉണ്ടാക്കിയ പ്രശ്നം എങ്ങനെ നോവൽ പരിഹരിച്ചു എന്ന സംഗതി ഓർമയില്ല.

ഇങ്ങനെയുള്ള ഒടക്കുമുൻഷികളെ ഒതുക്കാനാവണം ഇപ്പോൾ കേരളത്തിലെ വീടുകളുടെ സ്വീകരണമുറിയിൽ പുസ്തക അലമാരകൾ കമനീയമായി സ്ഥലം പിടിച്ചിരിക്കുന്നത്. ആധുനികകാലത്തെ ഈ പുസ്തകക്കാഴ്ച വായനയുടെയും ചിന്തയുടെയും തെളിവല്ലയെന്ന് എല്ലാവർക്കും അറിയാം. പുസ്തകം നിരത്തിവെക്കാത്തിടത്ത് വായനയില്ല എന്നും പറയാനാവില്ല. കംപ്യൂട്ടറും ടേബും സ്മാർട്ഫോണും കിന്റലുമായി വായനയുടെ ലോകം വേറെ വന്നുനിരന്നു കഴിഞ്ഞു. ചില പുസ്തകപ്രേമികൾക്ക് അച്ചടിച്ച കടലാസിന്റെ മണം വേണമത്രേ. ഇനി അത്തരം മണമുള്ള റീഡിങ് ടേബുകൾ വരുമായിരിക്കും.

ലഹരിപിടിച്ചുവായിക്കുന്ന ഒരാളല്ല ഈ ലേഖകൻ. വായിച്ചുമാത്രമല്ല, മനുഷ്യൻ ലോകത്തെ അനുഭവിക്കുന്നത് എന്ന് നിശ്ചയമുണ്ട്. പണ്ട് എൻ.ശശിധരൻമാഷോട് പറമ്പിൽ കിളക്കുന്ന കൃഷിക്കാരൻ ചോദിച്ച ഒരു ചോദ്യമുണ്ട്: "ഇത്തറേം ചെര്യേ അക്ഷരങ്ങള് വായിച്ച് കണ്ണു കളയേണ്ട വല്ല കാര്യോംണ്ടോ, മാഷേ?"

പക്ഷേ പുസ്തകത്തിലൂടെയായാലും മറ്റേതു വഴിക്കായാലും അറിവ് ഒരു അനുഭൂതിയാണ്. ഭക്ഷണംപോലെ പ്രധാനം. ജ്ഞാനത്തിന്റെ വിനിമയമില്ലാത്ത ലോകത്ത് ചെന്നുപെട്ടാൽ മനുഷ്യൻ മരിച്ചുപോകും. മരുഭൂമിയിൽ എന്നപോലെ.

പുസ്തകമോ കടലാസോ ഇല്ലാത്തിടത്ത് ചെന്നുപെട്ടാൽ ഈ ലേഖകനും അസ്വസ്ഥനാകും. ശർക്കര പൊതിഞ്ഞുകൊണ്ടുവന്ന പഴയ പത്രക്കടലാസ് കിട്ടിയാലും മതി. ശ്വാസം തിരിച്ചുകിട്ടും. ഇപ്പോൾ കൈയിലെ സ്മാർട്ഫോൺ ഒരു ഓക്സിജൻ സിലിന്റർപോലെ ഉപയോഗപ്പെടുന്നു. ●

 

# കാണാൻ കൊതിച്ച്...



ഇ.ജയകൃഷ്ണൻ

ഓയെൻവി കുറുപ്പിന്റെ കാണാൻ കൊതിച്ചെന്നെ (പുത്രി) എന്നൊരു സിനിമാഗാനമുണ്ട്. എം.ബി.ശ്രീനിവാസൻ സംഗീതം നൽകി എസ്. ജാനകി പാടിയ ഗാനം. ഇതൊരു പ്രണയഗാനമാണ്. കുറുപ്പിന്റെ പ്രണയം രണ്ടുപേർ തമ്മിലുള്ള ഒരു കരാറാണ്. ആ ഉടമ്പടിയുടെ കരാർ വ്യവസ്ഥയാണ് കുറുപ്പിന് മറ്റ് ഗാനരചയിതാക്കളിൽനിന്ന് മാറ്റിനിർത്തുന്നത്. എന്നെ കാണാൻ കൊതിച്ച് കാത്തുനിൽക്കുന്ന ആ കള്ളൻ എവിടെ എന്നാണ് പെണ്ണ് ചോദിക്കുന്നത്. അവൻ സാധാരണ കാണാമറയത്ത് കാത്തുനിൽക്കുന്നവനാണ്. അവനെ കണ്ടിരിക്കാനും അവനോട് ഏറെ പറഞ്ഞിരിക്കാനും അവൾക്ക് ആഗ്രഹമുണ്ട്. എന്നാൽ ഇന്ന് പിണക്കമായതുകൊണ്ട് ഇനി കണ്ടാലും മിണ്ടില്ല എന്നവൾ പറയുന്നു. ഈ പാട്ട് മലയാളത്തിലുണ്ടായിട്ടുള്ള പ്രണയഗാനങ്ങളിൽ വളരെ വ്യത്യസ്തമാണ്. രചനയിലും സംഗീതത്തിലും ആലാപനത്തിലും. 'കല്യാണി'യുടെ നിറത്തിലാണ് എംബിഎസ് ഈ പാട്ട് ഒരുക്കിയിട്ടുള്ളത്. കുസൃതിക്കാരിപെണ്ണിന്റെ പരിഭവം നടിക്കൽ ജാനകിയുടെ സ്വരത്തിൽ കേൾവിക്കാരനെ വല്ലാത്തൊരു വിതാനത്തിലേക്ക് കൊണ്ടുപോകുന്നു. മലയാളത്തിൽ കല്യാണിരാഗത്തിലുണ്ടായ മികച്ച പാട്ടുകളിലൊന്നാണിത്. ഗസലിന്റെ ഒരു കേൾവിസൗഖ്യം ഈ പാട്ട് നമുക്ക് തരുന്നുണ്ട്. ഏറെക്കാലം ഓർത്തുവെക്കാനും പ്രണയത്തിൽ പങ്കുവെക്കാനും ഈ പാട്ട് നാം ആരുംകാണാതെ സൂക്ഷിക്കും, അത് കേട്ടുകഴിഞ്ഞാൽ... ●



# പടുപാട്ട്

കണ്ണൻ സിദ്ധാർത്ഥ്

**തോ**ക്ക് തോൽക്കും കാലംവരുംവരെ
വാക്ക് തോൽക്കില്ലെടോ
എന്റെ നാക്ക് തോൽക്കില്ലെടോ
നോക്ക് തോൽക്കും കാലംവരുംവരെ
പാട്ട് തോൽക്കില്ലെടോ
എന്റെ പാട്ട് തോൽക്കില്ലെടോ

അടികൊണ്ട് നേടിയതെല്ലാം
തലമുറ തീണ്ടിത്തുലയ്ക്കും
വെടികൊണ്ട് നേടിയതെല്ലാം
ചുടുകാട്ടിൽ ആറിത്തണുക്കും
കാടുപൂക്കും കാലംവരുംവരെ
കാവലായിരിക്കും
കാടിന് കാവലായിരിക്കും
നാടിന് കാതലായിരിക്കും

കാട്ടുപൂവിന്റെ ചൂരളക്കല്ലേ
നാട്ടുമാവിന്റെ വേരറുക്കല്ലേ
നാട്ടിൽ പൂക്കണ പൂവിനെന്തൊരു
വെളുവെളുപ്പാണ്ടോ
രാത്രി പൂക്കണ പൂവിനെന്തൊരു
വെളുവെളുപ്പാണ്ടോ
കാട്ടിൽ പൂക്കണ പൂവിനെന്തൊരു
ചൊകചൊകപ്പാണ്ടോ

തോക്ക് തോൽക്കും (4)
കാട് പൂക്കും കാലംവരുംവരെ
കാവലായിരിക്കും, ഞങ്ങൾ
നാടിന് കാതലായിരിക്കും ●



# ഒരുമയുടെ മയിലാട്ടം

ശിവരാമൻ ചെറിയനാട്

**അ**തിരറിയാത്ത, ആഴമറിയാത്ത
ഒരു വിശാലലോകത്തിലേക്ക്
വായന നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു.
ജീവിതം ജീവിച്ച് ഭംഗിയാക്കാൻ
ഒരു ചങ്ങാതി എപ്പോഴും
നമ്മോടൊപ്പമുണ്ടാവണം.

അക്ഷരക്കൂട്ടിൽ പിറന്ന
നക്ഷത്രപ്പൂക്കളിലൂടെ
നമ്മൾ വായിക്കുന്നതും
ജീവിതത്തെത്തന്നെയാണ്.

വായന നമുക്ക് ഒരേസമയം
അന്നവും ഊർജ്ജവും
ഔഷധവുമാകുന്നു.
വായനയുടെ ജനാധിപത്യവൽകരണം
സമൂഹത്തിന്റെ ഉൽസവമാണ്.

അറിവിന്റേയും ആശയങ്ങളുടേയും
പൂച്ചെണ്ടുകളുമായി
ഈ പീലിക്കാവടികൾ
മനസ്സിന്റെ തോളിലേറ്റി
ചടുലനൃത്തം ചവിട്ടുമ്പോൾ...
അപ്പോൾ നമ്മൾ മനുഷ്യരായി.
താളപ്പിഴവറിയാതെ
മുന്നോട്ട്... മുന്നോട്ട്... ●




# മിഥ്യാബോധവും പ്രതിബോധവും



ഈ.ഡി.ഡേവീസ്

ഇരുപത്തൊന്നാംനൂറ്റാണ്ടിൽ ജീവിക്കുമ്പോഴും പൗരബോധം ഉൾകൊണ്ടു പ്രവത്തിക്കാൻ കഴിയുന്നില്ല എന്നതാണ് നമ്മുടെ ജനതയുടെ പരിമിതി. അതുണ്ടാക്കാൻ പുസ്തകോത്സവങ്ങൾക്ക് എന്തു ചെയ്യാനാകും? ഇന്ത്യൻ മനസ്സിന്നും തുലോം ദുർബലമാണ്. സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവും എന്തെന്ന് അറിയാൻ

തുടങ്ങുന്നതേ ഉള്ളൂ. ഇന്ത്യൻ റിപ്പബ്ലിക് സപ്തതിയിലേക്ക് പ്രവേശിക്കുമ്പോഴും. അതുകൊണ്ട് ചില മിഥ്യാബോധങ്ങൾ തകർക്കാൻ വായനയ്ക്ക് കഴിയണം. ലോകം ഭരിക്കാൻ തങ്ങളാണ് അർഹതപ്പെട്ടവർ എന്ന് ജർമ്മൻ ആര്യന്മാർ ചിന്തിച്ചിരുന്നു. അതോപോലെ ഇന്ത്യ ഭരിക്കാൻ അർഹതപ്പെട്ടവർ തങ്ങളാണെന്ന് ഒരു വിഭാഗം ആളുകൾ ഇവിടെ പറയുന്നു. കെട്ടുകഥകളും പൊള്ളയായ സങ്കല്പങ്ങളും നിക്ഷിപ്തതാല്പര്യങ്ങളും ബാധിച്ചതിന്റെ ദുരന്തമാണിത്.

പുസ്തകങ്ങളുടെ പഴയ ലോകങ്ങളിൽ തീർത്തവയാണെങ്കിലും ഓരോ വായനയും പുതിയ ലോകത്തെയാണ് പ്രകാശിപ്പിക്കുന്നത്. അതാണ് ഒരേ കൃതി ഓരോ തവണ വായിക്കുമ്പോഴും പുതിയ പുസ്തകമാകുന്നത്. പുസ്തകം കാലത്തോടൊപ്പം സഞ്ചരിക്കുന്നു. അക്ഷരങ്ങൾക്കും വാക്കുകൾക്കും ഏതു കാലത്തും അർത്ഥങ്ങൾ ഉൽപാദിപ്പിക്കാൻ കഴിയുന്നു. വായന ജൈവികമായ ജീവിതത്തിന്റെ ഊന്നുവടിയാകുന്നു. അക്ഷരങ്ങൾ സർഗാത്മകതയുടെ സ്രോതസ്സുകളാകുന്നു. സർഗാത്മകതയാണ് മനുഷ്യന്റെ സംസ്കാരത്തെ ഉദാത്തമാക്കുന്നത്. സർഗാത്മകത ആർദ്രതയുടെ ആവിഷ്കാരമാണ്. കനിവിന്റെ കാഴ്ച സമർപ്പണമാണ്. സഹാനുഭൂതിയുടെ സഞ്ചയമാണ്. ഓരോ മനുഷ്യരേയും സർഗാത്മകതയുടെ ലോകത്തേക്ക് കൂട്ടിക്കൊണ്ടുപോകലാണ് ഭാഷാവബോധത്തിന്റെ പരിണതികൾ.

ഉള്ളതിനെ വിവരിക്കാൻ വാക്കുകൾ ഇല്ലാത്ത ലോകമാണിത്. കളവുപറയാനാണ് നാം ഭാഷയെ പരുവപ്പെടുത്തുന്നത്. അനവധി കള്ളങ്ങൾക്കിടയിൽ ഒളിച്ചുകളിക്കുന്ന സ്വത്വമാണ് ആധുനിക മനുഷ്യന്റേത്. ഉൾക്കാഴ്ചയുള്ളവനേ വാക്ക് മനസ്സിലാകൂ. ആന്തരികജീവിതമില്ലാത്തവന് ഭാഷ കാപട്യത്തിന്റെ ആവരണം മാത്രമായിത്തീരും. കബീർ പറയുന്നു. "പ്രണയവും പരിത്യാഗവും കണ്ടെത്തിയവൻ മരണത്തിലേക്ക് നിപതിക്കുകയില്ല." മനഃസാക്ഷിയുടെ മരണം ഒരുവനിൽ സംഭവിക്കുന്നത് എപ്പോഴാണെന്ന് അയാൾപോലും അറിയുന്നില്ല എന്നതാണ് ദൗർഭാഗ്യകരം. ലഹരികൾ മോന്തിയാൽ, അക്രമവാസനകൾക്ക് ഉയിരേകിയാൽ ആന്തരികജീവിതസംഘർഷങ്ങളെ അതിജീവിക്കാനാകില്ല. മനുഷ്യന്റെ അന്യവത്കരണമാണ് ആന്തരികജീവിതത്തിന്റെ ദാരിദ്ര്യത്തിലൂടെ സംഭവിക്കുന്നത്. മനുഷ്യന് തന്നെ തന്നിൽത്തന്നെ ഉറപ്പിച്ചു നിറുത്താനും, സഹജീവികൾക്കിടയിൽ സഹഭാവിയായി നിലകൊള്ളാനും ആന്തരികജീവിതത്തിന്റെ അനുകൂലനം നിരന്തരം ശക്തിപ്പെടുത്തിയേ മതിയാകൂ. സാംസ്കാരിക ജീവിതത്തിനും പ്രത്യേകിച്ച് അതിന്റെ പ്രതിബോധനവ്യവഹാരങ്ങൾക്കും സഹൃദയത്വം കൂടിയേ കഴിയൂ. നല്ല സഹൃദയനാകാൻ ഉദാത്തരചനകളെ നിരന്തരം സ്വാംശീകരിക്കുക മാത്രമേ വഴിയുള്ളൂ. അതുകൊണ്ട് പ്രബുദ്ധമായ വായനയ്ക്കുമാത്രമേ ആധുനികമനുഷ്യനെ നിർമ്മിച്ചെടുക്കാൻ കഴിയുകയുള്ളൂ.

വസ്തുതകളെ അതിന്റെ കൃത്യമായ അളവിലും തൂക്കത്തിലും കാണാനുള്ള ശക്തമായ ഉപാധിയാണ് വിമർശനാത്മകവായന. ആശയങ്ങളുടെ സമസ്തതലങ്ങളും കണ്ടെത്താൻ വായന പ്രേരിപ്പിക്കുന്നു. വസ്തുതകളെ പലമാനങ്ങളിൽ കാണാൻ പ്രാപ്തമാക്കുന്നത് വായനതന്നെയാണ്. വായിക്കുന്തോറും ഉൾക്കാഴ്ച വർദ്ധിക്കുന്നു. വായന ലോകത്തെ മാറ്റുന്നു. മനുഷ്യനെ മാറ്റുന്നു. മാറാൻ വിമുഖരാണ് മനുഷ്യരധികവും. പ്രത്യേകിച്ച് പരഗുണകാംക്ഷയില്ലാത്തവർക്ക്. പരദുഃഖചിന്ത അലട്ടാത്ത തൻകാര്യം നോക്കികൾ നഷ്ടപെടാൻ ഉള്ളവർ ആയിരിക്കും. അജ്ഞതമൂലവും മാറാൻ മനസ്സില്ലാത്തവരുണ്ട്. ജവഹർലാൽ നെഹ്റു നിരീക്ഷിച്ചിട്ടുണ്ട്, "അജ്ഞത എല്ലായ്പ്പോഴും മാറ്റത്തെ ഭയപ്പെടുന്നു."

ചുരുക്കത്തിൽ, വായന ഒരു ജൈവപരിണതിയാണ്. നമ്മുടെ ജീവിതത്തിൽ എല്ലാ മനുഷ്യർക്കും ജന്തുജാലങ്ങൾക്കും സസ്യലതാദികൾക്കും സ്ഥാനമുണ്ടാകുന്നത് അറിവും, സ്നേഹവും നന്മയും നിറഞ്ഞ വായനയിൽ നിന്നാണ്. മതാന്ധതയും വർഗീയപ്രത്യയശാസ്ത്രവും നാനാവിധത്തിലുള്ള വിഭാഗീയചിന്തകളും സകലമാന സർഗാത്മകവൃത്തികൾക്കും കൂച്ചുവിലങ്ങിടുന്ന കാലമാണിത്. വായനക്കാരുടെമേലും ഫാസിസത്തിന്റെ കരിനിഴലുകൾ ഉണ്ടായിവരുന്നു. അതിവർഷവും പ്രളയവും ഉരുൾപൊട്ടലും ആഗോളതാപനവും നമ്മളെ നവീനമായ സാംസ്കാരികാസൂത്രണത്തിന് പ്രേരിപ്പിക്കുന്നു. ഇത്തരമൊരു സന്ദർഭത്തിൽ പുല്ലിലും പുഴുവിലും പൂക്കളിലും സാഹോദര്യം ദർശിക്കാൻ, അധ്വാനിച്ചു ജീവിക്കുന്ന എല്ലാവരിലും സാഹോദര്യം ദർശിക്കാൻ വായന നമ്മെ സഹായിക്കട്ടേ. ●




സമുന്നതരായ ഗ്രന്ഥശാലാപ്രവർത്തകർക്ക് ആദരം.
കൃഷിവകുപ്പുമന്ത്രി വി.എസ്.സുനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു.




ചലച്ചിത്രസംവിധായകനും എഴുത്തുകാരനുമായ ആദിത്യ സുഹാസ് ജെംബാളെ സംസാരിക്കുന്നു.




എഴുത്ത്, ആത്മാഭിമാനം
ഡോ.എസ്.ശാരദക്കുട്ടിയുടെ പ്രഭാഷണം.




വായനയുടെ ജനാധിപത്യം
കെ.ഇ.എൻ. സംസാരിക്കുന്നു.

---

Edited, Printed and Published by Dr.K.P.Mohanan (Secretary) for Kerala Sahitya Akademi, Thrissur - 20
For internal circulation only | Phone & Fax : 0487 2331069 | email : keralasahityaakademi@gmail.com
Printed at ColorMode, Thrissur | Photo : MonaLisa | Design : Roy Akkara